**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5867** **25-03-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (എ) | ചൂണ്ടൽ പഞ്ചായത്തിന് കീഴിൽ വരുന്ന തലക്കോട്ടുകര മിനി വ്യവസായ എസ്റ്റേറ്റ് മാത്രമാണ് മണലൂർ മണ്ഡലത്തിൽ നിലവിലുള്ളത്. |
| (ബി) | പ്രസ്തുത മിനി ഇൻഡസ്ട്രിയൽ പാർക്കുകളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ വകുപ്പ് നേരിട്ട് പദ്ധതികൾ നടപ്പാക്കാറില്ല. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് ഇവിടെ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്നതും വ്യവസായ യോഗ്യമായതുമായ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ കരട് മാർഗരേഖ (പി.പി.പി മോഡ്) തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ